ബാലസേവികമാർക്ക് ഓണത്തിനുള്ള ഫെസ്റ്റിവൽ അലവൻസോ, ബോണസ്സോ കൊടുക്കാതിരുന്നത്. ഈ ബാലവാടികയും നടത്തുന്ന സ്പോൺസറിംഗ് ഏജൻസികയും ഫെസ്റ്റിവൽ അലവൻസ് കൊടുക്കാനായി നിർദ്ദേശങ്ങളും സമിതി നൽകിയിട്ടുണ്ട്.

(ജി) ഇൻഡ്യൻ ശിശുക്ഷേമ സമിതി നടത്തുന്ന ഒരു വർഷത്തെ ബാലസേവിക പരിശീലനം പാസ്സായിരിക്കണം. അല്ലെങ്കിൽ കേരള സർക്കാർ നടത്തുന്ന ഒരു വർഷത്തെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കുള്ള പരിശീലനകോഴ്സ് പാസ്സായിരിക്കണം. ഗവൺമെന്റ് അംഗീകാരം കൊടുത്തിട്ടുള്ള നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് പാസ്സായിരിക്കണം.

(എച്ച്) ഇൻഡ്യൻ ശിശുക്ഷേമ സമിതി നിർദ്ദേശിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകളാണ് ഈ ബാലസേവികമാർക്ക് ബാധകമായിട്ടുള്ളത്.

മിശ്രവിവാഹിതർക്കുള്ള ധനസഹായം

1883 [2930] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്കുള്ള ധന സഹായപദ്ധതിയിൽ അർഹരായ എത്ര പേർക്ക് കണ്ണൂർ ജില്ലയിൽ 1986 മാർച്ച് 31 വരെ ധന സഹായം നൽകാനുണ്ട് ;

(ബി) ഇവർക്ക് ധനസഹായം നൽകാൻ ആകെ എത്ര രൂപ വേണ്ടിവരും ;

(സി) കണ്ണൂർ ജില്ലയിൽ നടുവിൽ പഞ്ചായത്തിൽ കുടിയാൻമല താമസം കെ. കെ. രാഘവൻ എന്നയാൾ മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിനായി നൽകിയ അപേക്ഷപ്രകാരം ധനസഹായം നൽകിയോ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1986 മാർച്ച് 31-ൽ ആകെ 68 മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുവാനുണ്ടായിരുന്നു.

(ബി) 1,36,000 രൂപ വേണ്ടിയിരുന്നു.

(സി) ഇല്ല.

(ഡി) വാർഷിക വരുമാനത്തിന്റെ കുറവനുസരിച്ചാണ് ധനസഹായം നൽകുന്നതിനു അപേക്ഷകർക്ക് മുൻഗണന നൽകുന്നത്. ശ്രീ. കെ. കെ. രാഘവന്റെ വാർഷിക വരുമാനത്തിൽ കുറഞ്ഞ വരുമാനമുള്ള അപേക്ഷകരും ഉണ്ടായിരുന്നതുകൊണ്ട് ബഡ്ജറ്റ് തുകയിൽ ചെലവൊതുക്കി ധനസഹായം നൽകിയപ്പോൾ ധനസഹായം ലഭിക്കുക ഉണ്ടായില്ല.

നിയമസഭാചോദ്യം—പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷനു ലഭിച്ച സാമ്പത്തിക സഹായം

1884 [2931] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷനു 'സ്റ്റോറേജ് പ്ലാൻ' അനുസരിച്ച് 1982 മുതൽ 1986 വരെ എത്ര ലക്ഷം രൂപ നൽകി ;

LIBRARY ARCHIVES Kerala Legislative Assembly